Draft #1 of File 50046/CE 'SECTION SO/2019/CE .SECT Approved by ASSISTANT REGISTRAR XI (EXAM) on 23-Dec-2019 12:02 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സർവ്വകലാശാല നടത്തുന്ന വിവിധ കോഴ്സുകളിൽ-വിദ്യാർത്ഥികൾകൾക്ക് - ഓഫീഷ്യൽ ട്രാൻസ്ക്രിപ്റ്റ് നൽകുന്നത് സംബന്ധിച്ച് -ബഹു പരീക്ഷാ കൺട്രോളർ- അംഗീകരിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പരീക്ഷാ വിഭാഗം എ 2 സെക്ഷൻ**

നമ്പർ. 6625/EA 2/2019/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 23.12.2019

---

പരാമർശം:-1. 11.12.2019 തീയതിയിലെ ഫ്രണ്ട് ഓഫീസ് II സെക്ഷനിൽ നിന്നുള്ള കുറിപ്പ്.
2. 13.12.2019 തീയതിയിലെ പരീക്ഷാ കൺട്രോളറുടെ സെക്ഷനിൽ നിന്നുള്ള കുറിപ്പ്.
3. 20.12.2019 തീയതിയിലെ പരീക്ഷാ കൺട്രോളർ (i/c)- ന്റെ ഉത്തരവ്.

**ഉത്തരവ്**

സർവ്വകലാശാല നടത്തുന്ന വിവിധ കോഴ്സുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് പരീക്ഷാഫലം പ്രസിദ്ധീകരിച്ച സെമസ്റ്ററുകളുടെ വിശദാംശങ്ങൾ ചേർത്തു കൊണ്ട് ഓഫീഷ്യൽ ട്രാൻസ്ക്രിപ്റ്റ് നൽകുന്ന വിഷയത്തിൽ ധാരാളം അന്വേഷണങ്ങൾ വരുന്നുണ്ടെന്ന് പരാമർശം (1) പ്രകാരം ഫ്രണ്ട് ഓഫീസ് II സെക്ഷനിൽ നിന്നും അറിയിക്കുകയും , ചില നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ചെയ്തിരുന്നു.

പ്രസ്തുത വിഷയം പരിഗണിച്ച് ,സർവ്വകലാശാല നൽകിയിട്ടുള്ള ഒരു മാർക്ക് ലിസ്റ്റ് അല്ലെങ്കിൽ ഗ്രേഡ് കാർഡിന്റെ ഓഫീഷ്യൽ ട്രാൻസ്ക്രിപ്റ്റ് വിദ്യാർത്ഥികൾ ആവശ്യപ്പെട്ടാൽ നൽകാവുന്നതാണെന്നും താഴെപ്പറയുന്ന കാര്യങ്ങൾ ഇതുമായി ബന്ധപ്പെട്ട് പരിഗണിക്കാവുന്നതാണെന്നും പരാമർശം (2) പ്രകാരം പരീക്ഷാ കൺട്രോളറുടെ സെക്ഷനിൽ നിന്നും അഭിപ്രായപ്പെട്ടിരുന്നു.

1. സർവ്വകലാശാല നടത്തുന്ന വിവിധ കോഴ്സുകളിൽ രജിസ്റ്റർ ചെയ്ത്, പരീക്ഷ എഴുതി , ഫലം പ്രസിദ്ധീകരിച്ചിട്ടുള്ള സെമെസ്റ്ററുകളിലെ വിശദാംശങ്ങൾ ചേർത്തുള്ള ഓഫീഷ്യൽ ട്രാൻസ്ക്രിപ്റ്റ് അപേക്ഷകർക്ക് നൽകാവുന്നതാണ്.

2. നിലവിൽ ഓഫീഷ്യൽ ട്രാൻസ്ക്രിപ്റ്റ് -ന് ഈടാക്കുന്ന ഫീസ് തന്നെ ഇത്തരത്തിൽ നൽകുന്ന ഓഫീഷ്യൽ ട്രാൻസ്ക്രിപ്റ്റ്-നും ഈടാക്കാവുന്നതാണ്.

3. സാധാരണയുള്ള ഓഫീഷ്യൽ ട്രാൻസ്ക്രിപ്റ്റ്-ന്റെ അപേക്ഷ പോലെ തന്നെ ഈ അപേക്ഷയും സ്വീകരിക്കാവുന്നതാണ്. എന്നാൽ, അപേക്ഷയോടൊപ്പം അപേക്ഷകൻ തന്നെ ഓഫീഷ്യൽ ട്രാൻസ്ക്രിപ്റ്റ്-ന്റെ ഫോർമാറ്റും തയ്യാറാക്കി അത് CD-യിലാക്കി നൽകേണ്ടതാണ്. ഇത് ബന്ധപ്പെട്ട സെക്ഷനുകളിൽ പരിശോധിച്ച ശേഷം FC I / FC II- സെക്ഷനിലേക്ക് നൽകുക. അവിടെ നിന്നും പ്രിന്റ് ചെയ്ത് തരുന്ന ഓഫീഷ്യൽ ട്രാൻസ്ക്രിപ്റ്റ് ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാർ ഒപ്പിട്ട് നൽകേണ്ടതാണ്. ഇത് അപേക്ഷകർക്ക് നൽകാവുന്നതാണ്.

4. ഇപ്പോൾ ഓഫീഷ്യൽ ട്രാൻസ്ക്രിപ്റ്റ് നല്കുന്നതുപോലെ അപേക്ഷകർക്ക് നേരിട്ടോ,

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

വേരിഫിക്കേഷൻ ഏജൻസിക്കോ  ഓഫീഷ്യൽ ട്രാൻസ്ക്രിപ്റ്റ്, മുദ്രവെച്ച കവറിൽ നൽകാവുന്നതാണ്.

മേൽ സൂചിപ്പിച്ച നിർദ്ദേശങ്ങൾ പരാമർശം (3)  പ്രകാരം ബഹു. പരീക്ഷാ കൺട്രോളർ (i/c) അംഗീകരിച്ചു.

തദനുസരണം ഉത്തരവ്  പുറപ്പെടുവിക്കുന്നു.

ജോൺ എ

അസിസ്റ്റന്റ് രജിസ്ട്രാർ 11 (പരീക്ഷ)

പകർപ്പ്

1. വൈസ് ചാൻസലർ /പ്രോ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ/ പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എമാർ
3. സി.ഇ സെക്ഷൻ/ എല്ലാ ടാബുലേഷൻ സെക്ഷനുകൾ
4. എല്ലാ ജെ.ആർ /ഡി.ആർ/ എ.ആർ (പരീക്ഷ)
5. CETEX സെക്ഷൻ/ ഫ്രണ്ട് ഓഫീസ് II സെക്ഷൻ
8. ഐക്യൂ.എസി/ കൺഡക്റ്റ് മാനേജ്മെൻറ് സെക്ഷൻ
9. സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി

ഫയൽ നമ്പർ: 50046/CE 'SECTION SO/2019/CE .SECT

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #1 of File 50046/CE 'SECTION SO/2019/CE .SECT Approved by ASSISTANT REGISTRAR  XI  (EXAM) on 23-Dec-2019 12:02 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം